മറ്റു രണ്ടു മൽസ്യത്തൊഴിലാളികളെയും ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. അതിനെക്കുറിച്ച് അന്വേഷിക്കണമെന്നാണ് ഞാൻ പറയുന്നത്. ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതു സ്വീകരിക്കണമെന്നാണ് പറയുന്നത്.

മി. സ്പീക്കർ : മി. ദിനകരൻ, ചോദ്യോത്തരവേള ഔചിത്യ പൂർവ്വം തന്നെ ഉപയോഗിക്കണം.

മൽസ്യകൃഷി വികസനം

* 171. [190] ശ്രീ. കെ കെ. ബാലകൃഷ്ണൻ :
,, എ. കെ. ശശീന്ദ്രൻ :
,, കെ. കൃഷ്ണൻകുട്ടി :
ശ്രീമതി റെയിച്ചൽ സണ്ണിപനവേലി :
ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മൽസ്യകൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഈ പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പിലാക്കുന്നത് ;

(സി) ഈയിനത്തിൽ എത്ര സംഖ്യ വകയിരുത്തിയിട്ടുണ്ട് ; എത്ര സംഖ്യ ചെലവഴിച്ചു ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) മൽസ്യകർഷക വികസന ഏജൻസികൾ (എഫ്. എഫ്.ഡി. എ.) ഫിഷറീസ് വകുപ്പിന്റെ ജില്ലാ ആഫീസുകൾ എന്നിവ വഴിയായുള്ള വികസന പ്രവർത്തനങ്ങൾ, ഗ്രാമീയ മൽസ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങൾ, ബ്രാക്കിഷ് വാട്ടർ (ഓരുമല) ഫിഷ്ഫാമുകൾ എന്നിവ സ്ഥാപിച്ചുള്ള പ്രവർത്തനങ്ങൾ, സീഡ് ഡിപ്പോകൾ സ്ഥാപിക്കുക എന്നിവയാണ് ഉംനാടൻ മൽസ്യകൃഷി വികസനത്തിന് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ.

(ബിയും സിയും പിരിവുകൾക്കുള്ള ഉത്തരം വായിക്കുന്നതിനുമുമ്പ് ചോദ്യോത്തരസമയം കഴിഞ്ഞതിനാൽ അത് വായിച്ചില്ല.)

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഇല്ലാത്ത മെഡിക്കൽ കോളേജുകൾ

* 172. [191] ശ്രീ. പി. എം. അബൂബേക്കർ :
,, പി. സീതിഹാജി :
,, നാലകത്തുസൂപ്പി :
,, കെ.പി. രാമൻ :
,, പി.കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാത്ത ഏതെങ്കിലും മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) അവിടെനിന്നും ഇതിനകം എത്രപേർ ബിരുദം നേടി ;

LIBRARY ARCHIVES Kerala Legislative Assembly